# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 667

19.03.2013ൽ മറുപടിക്ക്

### എമർജിംഗ് കേരളയും പദ്ധതികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരളയുടെ ഭാഗമായി എത്ര പുതിയ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞു; വിശദാംശം നൽകുമോ;<br><br>(ബി)ഇതിന്റെ ഭാഗമായി എത്ര കോടി രൂപയുടെ നിക്ഷേപം നടന്നുവെന്ന് വ്യക്തമാക്കുമോ? | (എ)&(ബി) എമർജിംഗ് കേരളയിലൂടെ അനവധി പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയിലെല്ലാം അതത് വകുപ്പുകൾ തുടർനടപടികൾ എടുത്തുവരുന്നു. വ്യവസായ വകുപ്പിനു കീഴിൽ 48 പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയുടെ പ്രാഥമിക പരിശോധന കഴിഞ്ഞ് 23 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പെട്രോകെമിക്കൽ , ഭക്ഷ്യ സംസ്കരണം, കെട്ടിടനിർമ്മാണ മേഖലയിലെ പ്രീകാസ്റ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ബയോമെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം, HDPE സ്റ്റോറേജ് ടാങ്കുകളുടെ നിർമ്മാണം, സോളാർ പാനലുകളുടെ നിർമ്മാണം മുതലായവ വ്യവസായ വകുപ്പ് തുടർ നടപടികൾ പൂർത്തിയാക്കുന്ന പദ്ധതികളിൽ ശ്രദ്ധേയമാണ്.<br>ഇതുകൂടാതെ മറ്റു വകുപ്പുകളുടെ കീഴിലുള്ള പദ്ധതികളും പുരോഗമിച്ചുവരുന്നു. ടൂറിസം, ടൗൺഷിപ്പ് പദ്ധതികൾ , കൺവെൻഷൻ സെന്റർ, സീപ്ലെയിൻ പദ്ധതി മുതലായവ ടൂറിസം വകുപ്പിലെ ചില ശ്രദ്ധേയമായ പദ്ധതികളാണ്. ഇതിൽ സീപ്ലെയിൻ പദ്ധതി ഉടനെ ആരംഭിക്കാൻ |

കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ചില പ്രധാനമായും പദ്ധതികളാണ് Mercedes Benz മായി ചേർന്ന് ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ

തുടങ്ങാനുദ്ദേശിക്കുന്ന Automotive Mechatronics courseഉം ജർമനിയിലെ Bosh Rexroth കേരളത്തിൽ സ്ഥാപിക്കുന്ന Centres of Competence/Centers of Excellence. ഇതിൽ Mercedes Benz ന്റെ Automotive Mechatronics കോഴ്സിനു വേണ്ടി തിരുവനന്തപുരത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സജ്ജീകരണങ്ങൾ നടന്നുവരുന്നു. ജൂൺ മാസം മുതൽ ക്ലാസ്സുകൾ ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ Bosch ന്റെ പദ്ധതിയുടെ ഉൽഘാടനം കഴിഞ്ഞു. Hydraulics, Pneumatics, CNC Control systems, Robotics മുതലായ മേഖലകളിലാണ് Bosch ന്റെ Centres of competence/Centres of Excellence സ്ഥാപിക്കുക.

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ചില എമർജിംഗ് കേരള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാനുദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ.

വ്യവസായ വകുപ്പിനു കീഴിൽ പുരോഗമിച്ചു വരുന്ന 23 പദ്ധതികളിൽ ഉദ്ദേശം 10,000 കോടി

രൂപയുടെ നിക്ഷേപം വിഭാവനം ചെയ്യുന്നു. ഇതിനു പുറമേയാണ് ബി.പി.സി.എല്ലിന്റെ കൊച്ചിൻ റിഫൈനറി വികസന പദ്ധതി. ഈ പദ്ധതിയിൽ ഉദ്ദേശം 12,000 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ